# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 497
# 29.05.2019 ലെ മറുപടിക്ക്

## ആസ്തി വികസന പദ്ധതി പ്രകാരം പുലിമുട്ടുകൾ

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന പദ്ധതി പ്രകാരം പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | വൈപ്പിൻ നിയോജകമണ്ഡലത്തിലെ വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള കടൽത്തീരം സംരക്ഷിക്കുന്നതിനു വേണ്ടി പുലിമുട്ട് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രത്യേകാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച ശിപാർശ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ലോകസഭാ തെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ പ്രസ്തുത ശിപാർശയ്ക്ക് അനുമതി നൽകുവാനായിട്ടില്ല. പെരുമാറ്റ ചട്ടം അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | തീരപ്രദേശങ്ങളിൽ ജീവിക്കുന്നവരുടെ ജീവനും സ്വത്തിനും ജീവനോപാധികൾക്കും സംരക്ഷണം ഉറപ്പാക്കാനാകുന്ന തരത്തിലുള്ളതും റോഡ്, പാലം എന്നിവ പോലുള്ള നിർമ്മാണ ഇനത്തിൽപ്പെടുന്നതുമാണ് പുലിമുട്ടുകൾ എന്നത് കണക്കിലെടുത്ത് എം.എൽ.എ. എ.ഡി.എസ്-ൽ ഉൾപ്പെടുത്തി പുലിമുട്ടുകളുടെ നിർമ്മാണം നടത്തുന്നതിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കാമോ? | |

സെക്ഷൻ ഓഫീസർ